# സൊസൈറ്റി ഫോർ ഫാമിലി മെഡിസിൻ, ജെറിയാട്രിക്സ് & പാലിയേറ്റീവ് കെയർ

- കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള 'കുടുംബ ഡോക്ടർ' സംവിധാനം പുനരുജ്ജീവിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് 2 വർഷം നീണ്ടുനിൽക്കുന്ന ഈ പ്രോജക്ട് ആരംഭിക്കുന്നത്.
- **പെരുമ്പളം ജംഗ്ഷനിൽ ഡോ: രാമചന്ദ്രൻ ഉപയോഗിച്ചിരുന്ന ക്ലിനിക്കാണ് സൊസൈറ്റിയുടെ താൽക്കാലിക ഓഫീസ്.**
- രോഗം ഒരു വ്യക്തിയെ മാത്രമല്ല, കുടുംബത്തെ മൊത്തമായിട്ടാണ് ബാധിക്കുക എന്ന തത്വവും ഒരു മെഡിക്കൽ ടീം ആവശ്യമെങ്കിൽ വീടുകളിൽ എത്തി അടിസ്ഥാന ചികിത്സയും, തുടർ പരിചരണവും ഉറപ്പാക്കുകയാണ് കൂടുതൽ ഗുണകരമാവുക എന്ന കാഴ്ചപ്പാടുമാണ് ഈ പ്രോജക്ടിന്റെ അടിത്തറ.
- ഡോക്ടർ, നഴ്സ്, 2 സന്നദ്ധ പ്രവർത്തകർ ഇവർ അടങ്ങിയ ഒരു ടീമായിട്ടു മാത്രമേ ഈ പ്രോജക്ടിൽ രോഗിയെ വീടുകളിൽ സന്ദർശിച്ച് ചികിത്സയും പരിചരണവും നൽകുകയുള്ളു.
- രോഗിയുടെ സാന്നിദ്ധ്യത്തിൽ രോഗത്തെക്കുറിച്ച് കൂടുതൽ വിശദീകരണങ്ങൾ നൽകുന്നതല്ല. വിശദമായ ഫാമിലി മീറ്റിംഗുകളിലൂടെ കുടുംബാംഗങ്ങൾക്ക് ആവശ്യമെങ്കിൽ കൂടുതൽ രോഗവിവരണവും പരിചരണ പരിശീലനവും നൽകുന്നതാണ്.
- സൊസൈറ്റിയുടെ മെഡിക്കൽ ടീമിന്റെ പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകുന്നേരം 3 മണിവരെ ആയിരിക്കും.
- അടിയന്തിരഘട്ടങ്ങൾ ഉണ്ടായാൽ "108" ആംബുലൻസ് സേവനം ഉപയോഗപ്പെടുത്തി രോഗിയെ ആശുപത്രിയിൽ എത്തിക്കേണ്ടത് ബന്ധുക്കളുടെ കടമയാണ്.
- രാവിലെ 6 മുതൽ സൊസൈറ്റിയുടെ മെഡിക്കൽ കോ- ഓർഡിനേറ്ററുടെ ഫോണിലേയ്ക്ക് വിളിച്ച് ബുക്കു ചെയ്യുന്ന പരമാവധി 10 രോഗികളെ മാത്രമേ ഒരു ദിവസം പരിശോധിക്കുന്നതിന് കഴിയുകയുള്ളു. രോഗിയുടെ വീട്ടിലേയ്ക്കുള്ള വഴിയും ഫോൺ നമ്പരും അറിയിക്കണം.
- ഡോക്ടർ അടങ്ങുന്ന മെഡിക്കൽ ടീം സന്ദർശിച്ച് പരിശോധനയും, അടിസ്ഥാന ചികിത്സയും നൽകുന്നതിന് ഒരു പ്രാവശ്യം 500/- രൂപ എന്ന നിരക്കിൽ പണം അടച്ച് രസീത് വാങ്ങേണ്ടതാണ്.
- കിടത്തി ചികിത്സ ആവശ്യമുള്ള ദീർഘകാല രോഗികൾക്ക് ഈ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കാൻ പുന്നപ്ര അസീസി ഹോസ്പീസിലാണ് പ്രവേശിപ്പിക്കുക.
- വയോജനങ്ങളുടെ ചികിത്സയും പരിചരണവുമാണ് ഈ പ്രോജക്ടിൽ പ്രധാനമായും ഊന്നൽ നൽകുന്നത്.
- ഫാമിലി മെഡിസിനിലും, വയോജന രോഗ ചികിത്സയിലും, പാലിയേറ്റീവ് കെയറിലും പരിശീലനം ലഭിച്ച ഡോക്ടറുടെ നേതൃത്വത്തിലാണ് മെഡിക്കൽ ടീം പ്രവർത്തിക്കുക.
- അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് അടിസ്ഥാന മരുന്നുകൾ വ്യക്തമായ നിർദ്ദേശങ്ങളോടെ വീടുകളിൽ ലഭ്യമാക്കുന്നതാണ്.
- ചികിത്സിച്ച് ഭേദമാക്കാൻ കഴിയുകയില്ല എന്ന് വിദഗ്ദ്ധ ഡോക്ടർമാർ വ്യക്തമാക്കിയിട്ടുള്ള ദീർഘകാല രോഗബാധിതർ, ബന്ധുക്കളുടെ സ്നേഹവും, പരിചരണവും ലഭിക്കേണ്ട ജീവിതാവസാന 6 മാസം മുതൽ 1 വർഷം വരെയുള്ള കാലഘട്ടത്തിലാണ് ആശുപത്രികളിൽ നിന്ന് ആശുപത്രികളിലേയ്ക്ക് മാറ്റപ്പെടുന്നതും വലിയ പ്രയോജനമൊന്നും ലഭിക്കാൻ സാധ്യതയില്ലാത്ത ടെസ്റ്റുകൾക്കും ചികിത്സകൾക്കുമെല്ലാം വിധേയരാക്കപ്പെടുന്നതും. ബന്ധുക്കളുടെ പൂർണ്ണ സഹകരണം ഉണ്ടാവുകയാണെങ്കിൽ അനാവശ്യ ചികിത്സകൾ ഒഴിവാക്കി ഇവരുടെ ജീവിതയാത്ര പാലിയേറ്റീവ് കെയറിലൂടെ രോഗലക്ഷണങ്ങൾ പരമാവധി നിയന്ത്രിച്ച് അർത്ഥപൂർണ്ണമാക്കുന്നതിന് കഴിയും.
- രോഗീപരിചരണത്തിൽ താല്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും 16 മണിക്കൂർ മുതൽ 3 മാസം വരെ നീണ്ടുനിൽക്കുന്ന വിവിധ പരിശീലനങ്ങൾ നൽകുന്നു.

## HOME CARE TEAM

**Dr. Ramachandra Panicker C.K.**
BSc, MBBS, DNB, PGDGM, PGDFM (C.M.C. Vellore), CCPPM

**Sr. Resnani Rasheed**
BSc (Nursing): BCCPN

**Sri. Abdul Azeez**
WHO CC (Paliative Care)

**Sri. Shafeek**
WHO CC (Paliative Care), CHBHC

**സേവനം ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട നമ്പർ:**
**9447 114 130, 9037 425 430**

## രോഗികളുടെയും ബന്ധുക്കളുടെയും ശ്രദ്ധയ്ക്ക്

- ❖ സാധാരണ രോഗങ്ങൾ മാറുന്നതിന് 5 ദിവസം മുതൽ 7 ദിവസം വരെ ചികിത്സയും വിശ്രമവും ആവശ്യമാണ്.
- ❖ ചികിത്സ ആരംഭിച്ച് 48 മണിക്കൂറിന് ശേഷവും രോഗശമനം ഉണ്ടായില്ലെങ്കിൽ ഉടനെ മെഡിക്കൽ ടീമിനെ വിവരം അറിയിക്കുക.
- ❖ പ്രായമായവരിൽ ഉണ്ടാകുന്ന രോഗങ്ങൾ പൂർണ്ണമായും ചികിത്സിച്ചു മാറ്റുവാൻ പ്രയാസമാണ്. ദീർഘകാലത്തെ ചികിത്സയും ശ്രദ്ധാപൂർണ്ണമായ പരിചരണവും ഇത്തരം രോഗികളിൽ ആവശ്യമാണ്.
- ❖ ചികിത്സാരംഗം ഡോക്ടർമാരുടെ കഴിവിനേക്കാളും, ആത്മാർത്ഥതയേക്കാളും ഉപരിയായി ആശുപത്രികളുടെ വലിപ്പവും, ഉപകരണങ്ങളുടേയും, ടെസ്റ്റുകളുടേയും ബാഹുല്യവും കൈയ്യടക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, സാദ്ധ്യമെങ്കിൽ എല്ലാവിധ സൗകര്യങ്ങളുള്ള ആശുപത്രികളിൽ നിന്നും ചികിത്സ തേടുന്നതാണ് ഉത്തമം. അല്ലാത്തപക്ഷം അവിചാരിതമായി രോഗം മൂർച്ഛിക്കുകയോ, മരണം സംഭവിക്കുകയോ ചെയ്യുമ്പോൾ ഇതെല്ലാം ഇവിടെ ചികിത്സിച്ചതുകൊണ്ട് സംഭവിച്ചതാണ് എന്നു കരുതുന്ന ഒരു പ്രത്യേക മാനസികാവസ്ഥ പ്രചാരം നേടുകയാണ്. ഈ അവസ്ഥ 'ഒരു കുടുംബ ഡോക്ടർ' സംവിധാനത്തിൽ ഡോക്ടർ-രോഗി ബന്ധം മോശമാക്കുന്നതിനും വളരെ ചുരുങ്ങിയ ചെലവിൽ തന്റെ രോഗികൾക്ക് സാധ്യമാക്കുന്ന ചികിത്സകൾ ചെയ്യുന്ന ഡോക്ടർമാരെ നിരാശരാക്കുകയും ചെയ്യും.
- ❖ പരിമിതമായ സൗകര്യങ്ങളുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു ഡോക്ടർക്ക് തനിച്ച് സമ്പൂർണ്ണ ചികിത്സ നൽകുന്നതിന് കഴിയുകയില്ല. പെട്ടെന്നുണ്ടാകുന്ന ഗുരുതരമായ രോഗങ്ങളിൽ സാധ്യമായ പ്രാഥമിക ചികിത്സയും, ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഭേദപ്പെടുത്തുവാൻ കഴിയുന്ന രോഗങ്ങൾക്ക് ശരിയായ ചികിത്സയും, വിദഗ്ദ്ധ പരിശോധനകൾ രോഗനിർണ്ണയത്തിന് ആവശ്യമുള്ള ഘട്ടങ്ങളിൽ കൂടുതൽ പരിശോധന സൗകര്യങ്ങൾ ഉള്ള ആശുപത്രികളിലേക്കയച്ച് ശരിയായ രോഗ നിർണ്ണയം നടത്തിയ ശേഷം തുടർ ചികിത്സയും, ചികിത്സകൾ ഫലിക്കാത്ത ഗുരുതരമായ രോഗാവസ്ഥകളിൽ സാന്ത്വന ചികിത്സയും ചെയ്യുന്നതിനെ കുടുംബ ഡോക്ടർ സംവിധാനത്തിൽ കഴിയുകയുള്ളു.
- ❖ കുട്ടികളുടെ രോഗ ചികിത്സയ്ക്കും, മറ്റു ചികിത്സാ രീതികൾ കൊണ്ട് കാര്യമായ മാറ്റങ്ങൾ ഇല്ലാത്ത രോഗാവസ്ഥകളിലും ഹോമിയോ ചികിത്സാ ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാണ്. ഹോമിയോ ചികിത്സാ ആവശ്യമുള്ളവർ വിവരം പ്രത്യേകം പറയേണ്ടതാണ്.
- ❖ പാലിയേറ്റീവ് പരിചരണം ദീർഘകാല രോഗങ്ങൾ ബാധിച്ച് (ക്യാൻസർ, പക്ഷാഘാതം, ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാത്ത ഗുരുതരമായ മറ്റ് രോഗാവസ്ഥകൾ) കിടപ്പിലായവർക്കും, ഏതാനും മാസങ്ങളോ, വർഷങ്ങളോ കൊണ്ട് തങ്ങളുടെ ജീവിതചക്രം പൂർത്തിയാക്കുന്നതുമായ രോഗികൾക്ക് അവരവരുടെ വീടുകളിൽ വച്ചുതന്നെ പാലിയേറ്റീവ് കെയർ വാളണ്ടിയർമാരുടെ നേതൃത്വത്തിൽ നൽകുന്ന പരിചരണമാണ്. മാറാരോഗങ്ങൾ ബാധിച്ചവരുടെ ശാരീരിക വിഷമതകൾ ലഘൂകരിക്കുന്നതിനും രോഗാവസ്ഥയെപ്പറ്റി വ്യക്തമായ വിവരങ്ങൾ നൽകി രോഗിയുടേയും ബന്ധുക്കളുടേയും മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും, രോഗിയുടെ മരണം സ്ഥിതീകരിക്കുന്നതിനും, മരണാനന്തര കാലഘട്ടം അഭിമുഖീകരിക്കുന്നതിനും സാന്ത്വന പരിചരണ പ്രവർത്തകർ പരിശീലനം നേടിയവരാണ്. കേരള സർക്കാരിന്റെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പോളിസി, നാഷണൽ പ്രോഗ്രാം ഇൻ പാലിയേറ്റീവ് കെയർ ഇവയുടെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പാലിയേറ്റീവ് പരിചരണം നടപ്പിലാക്കുന്നത്.
- ❖ ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത ദീർഘകാല രോഗങ്ങളുടെ വിവിധ ഘട്ടങ്ങൾ കടന്ന് ജീവിതാന്ത്യത്തിലെത്തിയ രോഗികൾക്ക്, വൈദ്യശാസ്ത്ര പഠന, ഗവേഷണങ്ങളിലൂടെ പ്രയോജനപ്രദമാണ് എന്ന് കണ്ടെത്തിയിട്ടുള്ള ചികിത്സാപരിചരണ രീതികളല്ലാതെ, ബന്ധുക്കളുടെ ആഗ്രഹത്തിനുവഴങ്ങി മൂക്കിലൂടെ ട്യൂബ് ഇടുക, ഗ്ലൂക്കോസ് കയറ്റുക, ഓക്സിജൻ നൽകുക തുടങ്ങി രോഗിക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ സാധ്യതയുള്ള ഒന്നും തന്നെ ഈ ചികിത്സാ പദ്ധതിയിൽ നൽകുന്നതല്ല.
- ❖ ആധുനിക വൈദ്യശാസ്ത്രം പൂർണ്ണമാകണമെങ്കിൽ ചികിത്സിച്ച് ഭേദമാക്കുവാൻ കഴിയുകയില്ല എന്ന് വിദഗ്ദ്ധ ഡോക്ടർമാർ വിലയിരുത്തിയിട്ടുള്ള രോഗാവസ്ഥകളിൽ രോഗികളും/ബന്ധുക്കളും തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽവച്ച്, രോഗലക്ഷണങ്ങൾ കഴിയുന്നത്ര നിയന്ത്രിച്ച് ജീവിതാന്ത്യംവരെ പരിചരണം ഉറപ്പാക്കുന്ന വിധത്തിൽ കൂടി വൈദ്യശാസ്ത്രരംഗത്തെ ഗവേഷണങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുണ്ട്.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ ക്ലിനിക്കുമായി ബന്ധപ്പെടുക.

---

**സ്കൂൾ-കോളേജുതല വിദ്യാർത്ഥികൾ ഇത് രണ്ടു പ്രാവശ്യമെങ്കിലും ശ്രദ്ധയോടെ വായിക്കുക.**
**നിങ്ങളുടെ പ്രിയപ്പെട്ടവരെ രോഗാവസ്ഥയിൽ പരിചരിക്കുന്നതിനുള്ള പരിശീലനം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) യുടെ CHBHC കോഴ്സിലൂടെ നേടാവുന്നതാണ്.**